**ഇസ്രായേല് പ്രസിഡണ്ടിന്റെ ഇന്ത്യാ സന്ദര്ശനം (നവംബര് 14-21, 2016)**

നവംബര് 09, 2016

ഇന്ത്യയുടെ ആദരണീയനായ രാഷ്ട്രപതി ശ്രീ പ്രണബ് മുഖര്ജിയുടെ ക്ഷണം സ്വീകരിച്ച് , ഇസ്രയേല് പ്രസിഡണ്ട് ശ്രീ രൂവെന് റിവ്ലിന് നവംബര് 14-21, 2016 ല് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയിലെത്തും . അദ്ദേഹത്തിന്റെ പത്നി ശ്രീമതി നെച്മ റിവ്ലിന് കൂടെ ഉണ്ടാകും. അതിനു പുറമേ ഉദ്യോഗസ്ഥര് , ഇസ്രായേലിലെ വിദ്യാഭ്യാസ വിചക്ഷണര്, ബിസിനസ് രംഗത്തെ പ്രമുഖര് എന്നിവരുടെ പ്രതിനിധി സംഘവും അദ്ദേഹത്തെ അനുഗമിക്കും

സന്ദര്ശനത്തിന്റെ ഭാഗമായി പ്രസിഡണ്ട് റിവ്ലിനെ ഇന്ത്യയുടെ രാഷ്ട്രപതി സ്വീകരിക്കുകയും അദ്ദേഹത്തോടുള്ള ബഹുമാനാര്ഥം വിരുന്നു സംഘടിപ്പിക്കുകയും ചെയ്യും . ഇന്ത്യയുടെ ഉപ രാഷ്ട്രപതി ശ്രീ മുഹമ്മദ് അന്സാരി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തും.

നവംബര് 15 , 2016 നു പ്രധാനമന്ത്രി
ശ്രീ നരേന്ദ്ര മോദി ,

## പ്രസിഡണ്ട് റിവ്ലിനോപ്പം

ഉഭയകക്ഷി ചര്ച്ചകള് നടത്തുകയും

പ്രസിഡണ്ട് റിവ്ലിനു ഉച്ചയൂണിനു

**അദ്ദേഹം**

ആതിഥ്യമരുളുകയും ചെയ്യും. കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് പ്രസിഡണ്ട് രിവ്ലിനുമായി കൂടിക്കാഴ്ച നടത്തും. സന്ദര്ശനത്തിന്റെ ഭാഗമായി ഇന്ത്യയിലേയും
ഇസ്രായെലിലേയും
വ്യാ
പാര പ്രമുഖരുമായി പ്രസിഡണ്ട് രിവ്ലിന് ചര്ച്ചകള് നടത്തുമെന്ന് പ്രതീക്ഷിക്കുന്നു . കര്ണാലിലെ കൃഷിയുടെ
'സെന്റര് ഓഫ് എക്സലന്സ്
' (Centre Of  Excellence)
പ്രസിഡണ്ട് രിവ്ലിന് സന്ദര്ശിക്കുമെന്ന് പ്രതീക്ഷിക്കുന്നു . അഗ്രോ ടെക് -2016 ലും അദ്ദേഹം പങ്കെടുക്കും

സാമ്പത്തികം, വ്യവസായം, ശാസ്ത്ര സാങ്കേതികവിദ്യ, ഗവേഷണവും നൂതനമായ പ്രവര്ത്തനങ്ങളും ,സാംസ്ക്കാരികം, വിനോദസഞ്ചാരം , വിദ്യാഭ്യാസം  എന്നീ മേഖലകളിലെ ശക്തമായ ബന്ധങ്ങളിലൂടെ ഇന്ത്യയും ഇസ്രായേലും വളരെ വിശിഷ്ടമായ ബന്ധങ്ങള് ആണ് പുലര്ത്തിവരുന്നത്

ന്യൂഡെല്ഹി
നവംബര് 09, 2016